"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - എക്സൈസ് കമ്മീഷണറുടെ 20/06/2025-ലെ ഉത്തരവിനെതിരെ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ശ്രീ.വിപിൻ ദാസ് സമർപ്പിച്ച അപ്പീൽ ഹർജി - തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.180/2026/TAXES തീയതി, തിരുവനന്തപുരം, 16-02-2026

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 20.06.2025-ലെ EXC/2168/2024-XE4 നമ്പർ ഉത്തരവ്
2. ശ്രീ.വിപിൻദാസ് എ. സമർപ്പിച്ച 21.08.2025-ലെ അപ്പീൽ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 19.09.2025, 05.01.2026 തീയതികളിലെ EXC/2168/2024-XE4 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ശ്രീമതി ദേവി എന്ന സ്ത്രീ മദ്യക്കച്ചവടം നടത്തുന്നതു സംബന്ധിച്ച് വിവരം കിട്ടിയിട്ടും ടി അനധികൃത മദ്യക്കച്ചവടം നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് സാധിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി, എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ്, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.രാജേഷ് ആർ., വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് Kerala Civil Services (Classification, Control & Appeal) ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം ഒരു വർഷത്തേക്ക് സഞ്ചിതഫലം കൂടാതെ തടഞ്ഞുകൊണ്ട് പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു.

2) മേൽ ഉത്തരവിനെതിരെ ശ്രീ.വിപിൻദാസ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുയുണ്ടായി. അപ്പീൽ ഹർജിയിലും നേരിൽകേട്ട വേളയിലും ടിയാൻ ചുവടെ ചേർക്കും പ്രകാരം ബോധിപ്പിക്കുകയുണ്ടായി:

"ഞാൻ 29.12.2022 മുതൽ 04.01.2024 വരെ ചിറ്റൂർ എക്സൈസ് റേഞ്ച് ഇൻസ്പെക്ടറുടെ ചുമതലയിൽ ജോലിചെയ്തിരുന്നു. 27.09.2023 തീയതിയിൽ പാലക്കാട് എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ

ഓഫീസിൽനിന്നും **eiibpalakkad@gmail.com** എന്ന മെയിലിൽനിന്നും ചിറ്റൂർ റേഞ്ച് ഓഫീസിൽ **echittiurrange@gmail.com** എന്ന മെയിലിൽ "ചിറ്റൂർ താലൂക്കിൽ ചിറ്റൂർ റേഞ്ച് പരിധിയിൽ വണ്ടിത്താവളം തെക്കേക്കാട് ദേശത്ത് പാറമേട് ഹരിയുടെ **(Late)** ഭാര്യ ദേവി വീട്ടിൽവെച്ച് മദ്യം വിൽക്കുന്നു എന്ന് ലഭ്യമായ വിവരം അന്വേഷണങ്ങൾക്കും തുടർനടപടിക്കുമായി സമർപ്പിക്കുന്നു" എന്ന വിവരം ഔദ്യോഗികമല്ലാതെ ലഭ്യമായിട്ടുള്ളതാണ്. ടി വിവരം ഞാൻ **28.09.2023**-ന് അറിയുകയും അന്നേദിവസം ടി വിവരവും മറ്റു പരാതികളും രഹസ്യമായി അന്വേഷിക്കുന്നതിനായി നിർദ്ദേശം നൽകി ഡിപ്പാർട്ട്മെന്റ് സ്കൂട്ടറിൽ സിവിൽ എക്സൈസ് ഓഫീസർമാരായ സദാശിവൻ, പ്രമോദ് എന്നിവരെ നിയോഗിച്ചിട്ടുള്ളതാണ്. ഞാൻ പട്രോളിംഗ് ഡ്യൂട്ടിയിലായിരുന്നതിനാൽ അന്നേദിവസം **14.15** മണിക്കും **19.00** മണിക്കും ഇടയിലുള്ള സമയം ചിറ്റൂർ എക്സൈസ് റെയ്ഞ്ച് ഓഫീസിന്റെ ചുമതല അസി.എക്സൈസ് ഇൻസ്പെക്ടറായ സുരേഷിനായിരുന്നു. പട്രോളിംഗിനിടയിലും ഫോൺ മുഖാന്തരം ഞാൻ ടി പരാതിയെക്കുറിച്ച് പരിശോധന നടത്തുന്നതിനും ജനറൽ ഡയറിയിൽ രേഖപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. രഹസ്യ നിരീക്ഷണത്തിന് നിയോഗിച്ച പാർട്ടി **18.40**-ന് ഓഫീസിൽ തിരച്ചെത്തി രഹസ്യാന്വേഷണത്തിൽ മേൽ പരാതിയെക്കുറിച്ച് ഫലപ്രദമായ വിവരം ലഭ്യമായില്ല എന്ന വിവരം അസി.എക്സൈസ് ഇൻസ്പെക്ടറായ സുരേഷിനെ അറിയിച്ചു. എന്നാൽ പരാതി അന്വേഷിക്കാൻ പോയ പാർട്ടി വണ്ടിത്താവളം ഭാഗത്ത് പട്രോളിംഗ് നടത്തിയതിന് ഡിപ്പാർട്ട്മെന്റ് സ്കൂട്ടറിന്റെ ലോഗിൽ രേഖപ്പെടുത്തലുണ്ട്. പരിശോധനയിൽ ഫലപ്രദമായ വിവരം ലഭിച്ചില്ല എന്ന വിവരം ഞാൻ പാലക്കാട് എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ എക്സൈസ് ഇൻസ്പെക്ടറെ അറിയിച്ചിട്ടുള്ളതാണ്. ഫോർമൽ എൻക്വയറി വേളയിൽ **PW1** ആയിരുന്ന **Excise Intelligence & Investigation Bureau** ഇൻസ്പെക്ടർ ചോദ്യം **3**-ന് ചിറ്റൂർ റേഞ്ച് പാർട്ടി ടി വിവരം അന്വേഷിച്ചത് അറിയാം എന്ന് പറഞ്ഞിട്ടുള്ളതാണ്. ആയതിനുശേഷവും ടി ഭാഗങ്ങളിൽ യൂണിഫോമിലും, മഫ്തിയിലും ഡിപ്പാർട്ട്മെന്റ് വാഹനങ്ങളിലും, സ്വകാര്യ വാഹനത്തിലും ടി വീട് നിൽക്കുന്ന വണ്ടിത്താവളം ഭാഗത്ത് പലവട്ടം പട്രോളിംഗും, രഹസ്യനിരീക്ഷണവും നടത്തിയിട്ടുള്ളതാണ്. ഈ അവസരങ്ങളിലൊന്നും വ്യക്തമായ തെളിവുകൾ ലഭിക്കാത്ത സാഹചര്യത്തിലാണ് ടിയാളുടെ വീട് പരിശോധിക്കുന്നതടക്കം നടപടി സ്വീകരിക്കാതിരുന്നത്. ടി ദേവിയുടെ പേരിൽ മദ്യക്കച്ചവടവുമായി ബന്ധപ്പെട്ട് മുൻപ് ഒരു കേസും എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യിട്ടില്ലാത്തതാണ്. **2023** മെയ് മാസം പാലക്കാട് ഡിവിഷൻ ഓഫീസിൽ നിന്നുള്ള കത്തിനൊപ്പം അനുബന്ധമായി ലഭിച്ചിരുന്ന പരാതിയിൽ ടി ദേവിയുടെ വീടും, പരിസരവും പരിശോധിച്ചിരുന്നതാണ്. ടി സമയത്തും വ്യാജമായി ഒന്നും ലഭിച്ചിട്ടില്ലാത്തതാണ്. ടി വിവരം കത്തുപ്രകാരം പാലക്കാട് ഡെപ്യൂട്ടി

എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. അത്തരത്തിൽ വിശദമായ പരിശോധന മുൻപ് നടത്തപ്പെട്ടതുകൊണ്ടും, രാഷ്ട്രീയ അതിപ്രസരമുള്ള സ്ഥലമായതിനാലും, വിധവയായ ഒരു സ്ത്രീക്കെതിരെയുള്ള പരാതിയായതിനാലുമാണ് വ്യക്തമായ രഹസ്യാന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചത്. 27.09.2023-ലെ പാലക്കാട് എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ഓഫീസിൽ നിന്നുള്ള പരാതി അന്വേഷിക്കുന്നതിൽ എന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലാത്തതാണ്.

ഫോർമൽ എൻക്വയറി വേളയിൽ Exhibit P4 & Exhibit P21 രേഖകൾ വ്യത്യസ്തമാണെന്നും ആയത് IB Input ആയി പരിഗണിക്കാൻ കഴിയില്ല എന്ന് പറഞ്ഞതിൽ അന്വേഷണ ഉദ്യോഗസ്ഥൻ ആയത് രേഖപ്പെടുത്തൽ വരുത്തിയില്ല. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻ PW5 ആയ Excise Intelligence & Investigation Bureau പ്രിവന്റീവ് ഓഫീസർ പ്രസാദ് കെ.യോട് എതിർവിസ്താരം ചെയ്തതിൽ ചോദ്യം 1-ന് Excise Range Office ചിറ്റൂരിലേക്ക് IB Input അയയ്ക്കുമ്പോൾ റഫറൻസ് നമ്പർ ഇല്ലാതെയും ഓഫീസ് കോപ്പിയിൽ റഫറൻസ് നമ്പർ എഴുതുകയുമാണ് ചെയ്യുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. ആയതിന് മുൻപും ശേഷവുമുള്ള എല്ലാ ഐ.ബി ഇൻപുട്ടിലും നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഇന്റലിജൻസ് റിപ്പോർട്ട് ഫീൽഡ് യൂണിറ്റുകൾക്ക് നൽകുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ 15.12.2006 തീയതിയിലെ IB(HQ)/X1/2006/6 നമ്പർ ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. ടി ഉത്തരവുപ്രകാരം Annexure III A & Annexure III B ഫോമുകളിലായാണ് നൽകേണ്ടതെന്ന് വിവരാവകാശരേഖയിൽ പറഞ്ഞിട്ടുണ്ട്. PW5 വിചാരണവേളയിൽ ചിറ്റൂർ റേഞ്ച് ഇൻസ്പെക്ടറുടെ ഔദ്യോഗിക മെയിലിലാണ് റിപ്പോർട്ട് നൽകിയതെന്ന് പറഞ്ഞിട്ടുണ്ട് എന്നാൽ വിവരാവകാശരേഖയിൽ eiibpalakkad@gmail.com എന്ന മെയിലിൽനിന്നും echittiurrange@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലേക്കാണ് അയച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുള്ളതാണ്. എന്നാൽ, 19.02.2021 തീയതിയിലെ IT CELL-1/35/2020-ITD നമ്പർ സർക്കുലർ പ്രകാരം gmail.com, outlook, Zoha, Yahoo mail എന്നിവ ഒഴിവാക്കി email.gov.in മെയിലിലേക്ക് നിർബന്ധമായി മാറി ഔദ്യോഗികമെയിലുകൾ അതുവഴി അയയ്ക്കണമെന്ന് പറഞ്ഞിട്ടുള്ളതാണ്. തുടർന്ന്, എക്സൈസ് വകുപ്പിൽ email.gov.in-ലേക്ക് മാറിയിട്ടുള്ളതാണ്. അതുപ്രകാരം Excise Range Office ചിറ്റൂരിലെ ഔദ്യോഗികമെയിൽ eroctr.exc@kerala.gov.in എന്നതിലേക്ക് മാറിയിട്ടുള്ളതാണ്. ഇത്തരത്തിൽ ഇൻപുട്ട് ഉത്തരവിൽ പറഞ്ഞപ്രകാരമല്ലാതെയും ഔദ്യോഗിക മെയിലിലല്ലാതെയും, നമ്പരില്ലാതെയും സമർപ്പിച്ച വിവരം IB input ആയി കണക്കാക്കുവാൻ കഴിയാത്തതാണ്. എന്നാൽ, അന്വേഷണ ഉദ്യോഗസ്ഥൻ ആയത് പരിശോധന നടത്തിയതായി കാണുന്നില്ല.

Exhibit P24 ആയി അന്വേഷണവേളയിൽ കാണിച്ചിട്ടുള്ള രേഖയിൽ

ബഹു.പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ചിറ്റൂർ റേഞ്ചിലെ ജോലി ഭാരവും, വലിപ്പവും, ജീവനക്കാരുടെ എണ്ണവും ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണവും, വിവിധ ഡ്യൂട്ടികളെക്കുറിച്ചും ചിറ്റൂർ റേഞ്ച് വിഭജിക്കേണ്ടതിന്റെയും ആവശ്യകതയും പറഞ്ഞിട്ടുള്ളതും എന്നാൽ, പരിമിതമായ ജീവനക്കാരെ ഉൾപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം പരാമവധി മികച്ചതായി നടന്നുവരുന്നതായി പറഞ്ഞിട്ടുണ്ട്. അന്വേഷണവേളയിൽ **PW2** ആയ ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ.അഭിദാസൻ അന്വേഷണവേളയിൽ ചോദ്യം **2**-ൽ ചിറ്റൂർ റേഞ്ച് ഓഫീസിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം മോശമാണോ? എന്ന് ചോദിച്ചതിൽ ഇല്ലായെന്ന് മറുപടി പറഞ്ഞിട്ടുള്ളതാണ്. ചിറ്റൂർ റേഞ്ച് ഓഫീസിനു പുറമെ എക്സൈസ് ചെക്ക്പോസ്റ്റുകളായ കുപ്പാണ്ടകൗണ്ടന്നൂർ, നടുപ്പുണി എന്നിവയുടെ പൂർണ അധികചുമതലയും **(29.12.2022** മുതൽ **04.01.2024) KAPL** മീനാക്ഷിപുരം ഡിസ്റ്റിലറിയുടെയും **(17.05.2023** മുതൽ **04.01.2024)**വരെയും പൂർണ അധികചുമതലയും എനിക്കായിരുന്നു. എന്നാൽ, ടി ജോലിഭാരം അന്വേഷണവേളയിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരിഗണിച്ചിട്ടില്ലാത്തതാണ്.

ബഹു.എക്സൈസ് കമ്മീഷണർ അവർകൾ എന്നെ നേരിൽ കേട്ടിട്ടില്ല. അന്വേഷണം പൂർത്തികരിച്ചതിനുശേഷം അന്വേഷണറിപ്പോർട്ട്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകിയിട്ടില്ലാത്തതുമാണ്.

സഹകുറ്റാരോപിതരായിരുന്ന ശ്രീ. ബിജുമോൻ കെ.ആർ., ശ്രീ.പുഷ്കരൻ കെ. എന്നിവർ ആരോപണകാലയളവിൽ ചിറ്റൂർ റേഞ്ച് ഓഫീസിൽ ജോലി ചെയ്തിരുന്നില്ലെന്ന് അന്വേഷണവേളയിൽ കണ്ടെത്തി അവരെ കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ്. **Exhibit P19** രേഖപ്രകാരം ടിയാന്മാർ ഉൾപ്പെടെ മറ്റു കുറ്റാരോപിതരെ രഹസ്യവിവരം ശേഖരിക്കുന്നതിനും, കേസുകൾ കണ്ടെത്തുന്നതിനും ചിറ്റൂർ റേഞ്ചിലെ പട്ടാഞ്ചേരി യൂണിറ്റിലെ അംഗങ്ങളാക്കിയിരുന്നതാണ്. ശ്രീ.ബിജുമോൻ **11.07.2023** മുതൽ **30.11.2023** വരെ ചിറ്റൂർ റേഞ്ച് ഓഫീസിൽ ജോലി ചെയ്തിരുന്നതും ടി കാലയളവിൽ **06.08.2023** മുതൽ **301.11.2023** വരെ ചിറ്റൂർ എക്സൈസ് ചെക്ക്പോസ്റ്റ് മീനാക്ഷിപുരത്ത് സ്പെഷ്യൽ ഡ്യൂട്ടിയിലായിരുന്നു. ശ്രീ.പുഷ്കരൻ കെ. **30.06.2023** മുതൽ **14.12.2023** വരെ ചിറ്റൂർ റേഞ്ച് ഓഫീസിൽ ജോലി ചെയ്തിരുന്നിട്ടുള്ളതാണെന്ന് കാണുന്നു. അതിൽനിന്നും ആരോപണ കാലഘട്ടമെന്നത് ശ്രീമതി ദേവി എന്നവർക്കെതിരെ കേസെടുത്ത **09.04.2024** ആയിരിക്കാം എന്ന് മനസിലാകുന്നു. **04.01.2024**-ന് ചിറ്റൂർ റേഞ്ച് ഓഫീസ് ചുമതലകളിൽനിന്നും ഞാൻ വിടുതൽ ചെയ്തിട്ടുള്ളതാണ്. വിടുതൽ ചെയ്ത **96** ദിവസം കഴിഞ്ഞ് രജിസ്റ്റർ ചെയ്ത കേസിന്റെ പേരിൽ എനിക്കെതിരെ അന്വേഷണം നടത്തി കുറ്റക്കാരനാണ് എന്ന കണ്ടത്തലിൽ എനിക്ക് നീതി നിഷേധമുണ്ടായിട്ടുണ്ട്.

Excise Intelligence & Investigation Bureau പരാതിയിൽ പറഞ്ഞ സ്ഥലവും **24** ന്യൂസ് ചാനലിൽ വന്ന വീഡിയോയിലും വീട്ടിൽ മദ്യം വിൽക്കുന്നു

എന്നാണ്. എന്നാൽ, സ്വീഷർ മഹസ്സർ പ്രകാരം ടി സ്ത്രീയുടെ വീട്ടിൽ മദ്യം കണ്ടെത്തിയിട്ടില്ല. മദ്യം കണ്ടെത്തിയിട്ടുള്ളത് ടി പരാതിയിലുള്ള ശ്രീമതി ദേവിയുടെ പേരിൽതന്നെയുള്ള ഇലക്ട്രിസിറ്റി കൺസ്യൂമർ **8015698** നമ്പർ ഉള്ള ഷെഡ്ഡിലാണ്. ആയത് ടിയാളുടെ പേരിൽ വ്യവസായിക ആവശ്യത്തിനായി (ഹോളോ ബ്രിക്സ് യൂണിറ്റ്) അനുവദിച്ചതാണ്. അവിടെ പുരുഷന്മാരും, സ്ത്രീകളുമായി നിരവധി പേർ ജോലി ചെയ്യുന്നുണ്ട്. ചാനൽ വീഡിയോയിൽ വീര്യം കൂടിയ മദ്യമാണെന്നും, വ്യാജമദ്യമാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ കണ്ടെത്തിയത് ഹോളോഗ്രാം സ്റ്റിക്കറുള്ള നിയമാനുസരണ മദ്യമാണ് എന്ന് സ്വീഷർ മഹസറിൽ പറഞ്ഞിട്ടുണ്ട്. ചാനലിൽ മദ്യം കഴിക്കുവാനായിവന്ന രണ്ട് ആളുകളെ കാണിക്കുന്നുണ്ട്. എന്നാൽ, അവരുടെ മൊഴി രേഖപ്പെടുത്തിയിട്ടില്ല. ചാനൽ റിപ്പോർട്ടിലും **Excise Intelligence & Investigation Bureau** വിവരത്തിലും അടിസ്ഥാനപ്പെടുത്തിയ രീതിയിലല്ല പിന്നീട് കേസ് കണ്ടെത്തിയിട്ടുള്ളത്.

ഫോർമൽ എൻക്വയറിയിൽ എനിക്കെതിരെ സമർപ്പിച്ച റിപ്പോർട്ടിൽ **PART V** അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തിൽ പിരിവ് വിശകലനം ഭാഗം ഒന്നിൽ **Excise Intelligence & Investigation Bureau** പരാതി അന്വേഷിക്കുവാൻ സിവിൽ എക്സൈസ് ഓഫീസർമാരായ പ്രമോദ്, സദാശിവൻ എന്നിവരെ നിയോഗിച്ചുവെന്നും തുടർന്ന് ടിയാന്മാർ റേഞ്ച് ഓഫീസിൽ തിരിച്ചെത്തി അസി.എക്സൈസ് ഇൻസ്പെക്ടർ സുരേഷിനെ അറിയിച്ചെന്നും എന്നാൽ ടി വിവരം അസി.എക്സൈസ് ഇൻസ്പെക്ടർ ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും വാദിക്കുന്നുണ്ടെങ്കിലും അത് തെളിയിക്കാൻ സിവിൽ എക്സൈസ് ഓഫീസർമാരായ പ്രമോദ്, സദാശിവൻ അസി.ഏക്സെസ് ഇൻസ്പെക്ടർ സുരേഷ് എന്നിവരെ പ്രതിഭാഗം സാക്ഷികളായി കൊണ്ടുവരുവാനും ടിയാന്മാരുടെ നോട്ട് ബുക്ക്/വീക്ക് ലി ഡയറി, മറ്റു തെളിവുകൾ എന്നിവ അന്വേഷണഭാഗമായി കുറ്റാരോപിതൻ ഹാജരാക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് കുറ്റാരോപിതന്റെ വാദങ്ങൾ അംഗീകരിക്കാൻ കഴിയില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഫോർമൽ എൻക്വയറി തുടങ്ങിയ ദിവസംതന്നെ അന്വേഷണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം) കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക ബഹു.എക്സൈസ് കമ്മീഷണർ അവർകൾ അംഗീകരിച്ചിട്ടില്ലായെന്നും അതിനെത്തുടർന്നാണ് ഫോർമൽ എൻക്വയറിക്കുള്ള ഉത്തരവായത് എന്നും പ്രതിവാദപത്രികയിൽ പറഞ്ഞതല്ലാതെ വല്ല തെളിവുകളോ/യൂണിറ്റ് അംഗങ്ങൾക്ക് ഐബി ഇൻപുട്ടിൽ(ഇൻപുട്ടായി പരിഗണിക്കാൻ കഴിയില്ലായെന്നത് അഗീകരിച്ചില്ല) നടപടിയെടുക്കുന്നതിനായി രേഖാപ്രകാരം എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാവുന്നതാണെന്ന് നിലപാട് എടുത്തതിനാലാണ് സിവിൽ എക്സൈസ് ഓഫീസർമാരായ പ്രമോദ്, സദാശിവൻ അസി.എക്സൈസ് ഇൻസ്പെക്ടർ സുരേഷ് എന്നിവരെ പ്രതിഭാഗം സാക്ഷികളായി കൊണ്ടുവരാൻ കഴിയാതിരുന്നത്. അന്വേഷണ ഉദ്യോഗസ്ഥനും

പ്രതിവാദപത്രികയിൽ പറഞ്ഞ ടി കാര്യങ്ങളുടെ നിജസ്ഥിതി തെളിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലാത്തതാണ്. യൂണിറ്റിൽ പ്രവർത്തിച്ച ആളുകളുടെ മാത്രമാണ് നോട്ട് ബുക്ക്/ജനറൽ ഡയറി വിവരങ്ങൾ എന്നിവ ചിറ്റൂർ റേഞ്ചിൽനിന്നും **Exhibit P8 & Exhibit P9** പ്രകാരം ലഭ്യമാക്കി പരിശോധിച്ചിട്ടുള്ളൂ. യൂണിറ്റ് അംഗങ്ങൾക്ക് യൂണിറ്റിൽ കൂടുതൽ ഉത്തരവാദിത്തം ഉണ്ടെങ്കിലും ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെയും, ജീവനക്കാരുടെയും കുറവുമൂലം റേഞ്ച് പരിധിയിൽ പട്രോളിംഗ് നടത്തുന്ന സമയത്തും, രഹസ്യ നിരീക്ഷണം നടത്തുന്ന സമയത്തും മറ്റു യൂണിറ്റിലെ ജീവനക്കാരെവെച്ചും ടി ഡ്യൂട്ടികൾ ചെയ്തുവരാറുണ്ട്. ലഭ്യമായ വാഹനവും, ജീവനക്കാരെയുംവെച്ച് പരമാവധി മികച്ച രീതിയിൽ ചിറ്റൂർ റേഞ്ച് പരിധിയിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിയിട്ടുണ്ട്. എനിക്കെതിരെ അന്വേഷണ റിപ്പോർട്ടിലും പരിഗണിക്കപ്പെട്ട മറ്റു റിപ്പോർട്ടുകളിലും പൊരുത്തക്കേടുകളും വസ്തുതാവിരുദ്ധമായ മറ്റു വസ്തുകളും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ എനിക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടിയിൽനിന്നും എന്നെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു."

3) ഈ വിഷയത്തിൽ പരാമർശം (3)-ലെ 19.09.2025-ലെ കത്ത് പ്രകാരമുള്ള എക്സൈസ് കമ്മീഷണറുടെ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്:

"പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ശ്രീമതി ദേവി എന്ന സ്ത്രീ മദ്യക്കച്ചവടം തുടരുന്നതു സംബന്ധിച്ച് 27.09.2023-ൽ **Excise Intelligence & Investigation Bureau 245/23** നമ്പരായി ഇൻപുട്ട് നൽകിയിട്ടുള്ളതായും, അനധികൃത മദ്യകച്ചവടം നടത്തുന്ന ദേവിയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ലെന്നും, അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചതായി മനസിലാക്കാൻ സാധിക്കുന്നില്ലെന്നും, മുൻകേസിലെ കുറ്റവാളികളെയും പ്രതികളെയും നിരീക്ഷണം നടത്തണമെന്ന് സ്പെഷ്യൽ ഡ്രൈവ് കാലയളവിലും അല്ലാതെയും എക്സൈസ് കമ്മീഷണറും, അഡീഷണൽ എക്സൈസ് കമ്മീഷണറും, പലതവണ നിർദേശങ്ങൾ നൽകിയിട്ടും, ടിവിയിൽ വാർത്ത വരത്തക്കരീതിയിൽ തുടർച്ചയായി അനധികൃത മദ്യവിൽപ്പന നടക്കാൻ ഇടയായത് സമൂഹത്തിൽ എക്സൈസ് വകുപ്പിന്റെ യശ്ശസിന് കളങ്കമുണ്ടാക്കുന്നതിനും അവമതിപ്പ് ഉണ്ടാകാനും ഇടയായതായും, **IB input** നൽകിയിട്ടും വേണ്ട ഗൗരവത്തോടെ കാണുകയോ നടപടി എടുക്കുകയോ ചെയ്തിട്ടില്ലെന്നും, അതിനാൽ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിൽ പ്രസ്തുത കാലയളവിൽ കൂടുതൽ കാലം ചുമതലയിലുണ്ടായിരുന്ന എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ്, യൂണിറ്റിന്റെ ചുമതലയുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർ ശ്രീ. ബിജുമോൻ കെ.ആർ., പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.പുഷ്കരൻ കെ., സിവിൽ എക്സൈസ്

ഓഫീസർ ശ്രീ. രാജേഷ് ആർ., വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവരുടെ വീഴ്ചയാണെന്ന് കണക്കാക്കാവുന്നതാണെന്നും ഇ.ഐ.&ഐ.ബി. ജോയിൻ്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

Excise Intelligence & Investigation Bureau ജോയിൻ്റ് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ്, പ്രിവന്റീവ് ഓഫീസർ ശ്രീ. ബിജുമോൻ കെ.ആർ., പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.പുഷ്കരൻ കെ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.രാജേഷ് ആർ., വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവർക്ക് കുറ്റാരോപണ മെമ്മോ, കുറ്റാരോപണപത്രിക നൽകുകയും, അതിനു കുറ്റാരോപിതർ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി.

കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികപ്രകാരം, **27.09.2023-ൽ** വണ്ടിത്താവളം ഭാഗത്തുള്ള ദേവി എന്ന സ്ത്രീ മദ്യക്കച്ചവടം നടത്തുന്നതായി പാലക്കാട് ഇന്റലിജൻസ് ബ്യൂറോയിൽനിന്നും വിവരം കിട്ടിയ അന്നേദിവസംതന്നെ എക്സൈസ് ഇൻസ്പെക്ടർ ടി പരാതി അന്വേഷിക്കുന്നതിനായി സിവിൽ എക്സൈസ് ഓഫീസർമാരായ പ്രമോദ്. കെ., സദാശിവൻ ബി. എന്നിവരെ അയച്ചിരുന്നുവെന്നും, ടി വീട് നിലനിൽക്കുന്ന പരിസരപ്രദേശങ്ങളിൽ ചെന്ന് അന്വേഷിച്ചതിൽ വിൽപ്പനയുമായി ബന്ധപ്പെട്ട് ഉപകാരപ്രദമായ വിവരങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതുമാണെന്നും, ഇൻപുട്ടിൽ പരാമർശിക്കുന്ന പരിസരങ്ങളിൽ ഇൻപുട്ട് ലഭിക്കുന്നതിനുമുമ്പും ശേഷവും ഇൻസ്പെക്ടറുടെ നിർദ്ദേശാനുസരണം ടി യൂണിറ്റിലെ പ്രിവന്റീവ് ഓഫീസർമാരുമായും മറ്റു ജീവനക്കാരുമായും ചേർന്ന് വകുപ്പുതല വാഹനങ്ങളിലും, മഫ്ത്തിയിലും പരാതിയിൽ പറഞ്ഞിരിക്കുന്ന ദേവി എന്ന സ്ത്രീയുടെ വീട് നിൽക്കുന്ന പരിസരപ്രദേശങ്ങളിൽ അന്വേഷണം നടത്തി വന്നിട്ടുള്ളതായും, ടി സമയത്ത് മദ്യവിൽപ്പനയുമായി ബന്ധപ്പെട്ട യാതൊന്നും അവിടെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നും, ദേവി എന്ന സ്ത്രീയുടെ മദ്യക്കച്ചവടം നിയന്ത്രിക്കുന്നതിനോ കേസ്സ് കണ്ടു പിടിക്കുന്നതിനോ ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ല എന്ന വാദം വസ്തുതകൾക്ക് വിരുദ്ധമാണെന്നും, സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ മുൻകേസിലെ കുറ്റവാളികളെയും പ്രതികളെയും നിരീക്ഷണം നടത്തിയിട്ടില്ലെന്ന വാദവും ശരിയല്ലായെന്നും, ടി സ്ത്രീയുടെ വീട് നിൽക്കുന്ന സ്ഥലം രാഷ്ട്രീയാതിപ്രസരമുള്ളയിടമായതിനാൽ വ്യക്തമായ തെളിവ് ലഭിച്ചതിനുശേഷം മാത്രമാണ് വീട് പരിശോധിക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നതെന്നും, വ്യക്തമായ തെളിവുകൾ ലഭിക്കാതിരുന്നതിനാലാണ് വീട് പരിശോധിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതെന്നും, ഇന്റലിജൻസ് ബ്യൂറോയിൽ നിന്നുള്ള ഇൻപുട്ടിന്മേൽ ആത്മാർത്ഥയോടെ കേസ് കണ്ടെത്തുന്നതിനായി അന്വേഷണം നടത്തിയിട്ടുണ്ടെന്നും, പരിശോധന

വിവരങ്ങൾ ജി.ഡി.യിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല എന്നത് മനഃപൂർവമല്ലാതെ സംഭവിച്ചതാണെന്നും മറ്റും ബോധിപ്പിച്ചിട്ടുള്ളതും, ടി ഉദ്യോഗസ്ഥർക്കെതിരായ ആരോപണങ്ങൾ നിഷേധിച്ചിട്ടുള്ളതുമാണ്.

കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ടുപ്രകാരം, നിലവിൽ ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസിൽ ഒരു എക്സൈസ് ഇൻസ്പെക്ടർ, ഒരു അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, നാല് പ്രിവന്റീവ് ഓഫീസർ, 11 സിവിൽ എക്സൈസ് ഓഫീസർ, നാല് വനിത സിവിൽ എക്സൈസ് ഓഫീസർ, ഒരു എക്സൈസ് ഡ്രൈവർ എന്നിങ്ങനെയാണ് അനുവദിച്ച ജീവനക്കാരെന്നും, ടി ജീവനക്കാരിൽ ബഹു. കോടതി ഡ്യൂട്ടി, പാറാവ് ഡ്യൂട്ടി, വിമുക്തിയുമായി ബന്ധപ്പെട്ട ജോലികൾ തുടങ്ങിയ ഡ്യൂട്ടികൾ ഒഴികെയുള്ള ജീവനക്കാരെ ഉൾപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പരമാവധി മികച്ച രീതിയിൽ നടന്നുവരുന്നതായി ബോദ്ധ്യമായിട്ടുള്ളതായും പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണം, പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടും, ബന്ധപ്പെട്ട രേഖകളും, പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ (നിയമം) എൻക്വയറി ഓഫീസറായി നിയമിച്ച് ഉത്തരവയിട്ടുള്ളതും, എൻക്വയറി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ഫോർമൽ എൻക്വയറി റിപ്പോർട്ട് പ്രകാരം, ശ്രീ. ബിജുമോൻ കെ.ആർ., സ/ശ്രീ. പുഷ്കരൻ കെ., രാജേഷ് ആർ., ശ്രീമതി രാജേശ്വരി എന്നിവർക്കെതിരായ ആരോപണങ്ങൾ വാച്യാന്വേഷണത്തിൽ തെളിയിക്കാൻ സാധിച്ചിട്ടില്ലായെന്നും, എന്നാൽ പാലക്കാട് ജില്ലയിൽ വണ്ടിത്താവളം ഭാഗത്ത് ദേവിയെന്ന സ്ത്രീ മദ്യക്കച്ചവടം തുടരുന്നതു സംബന്ധിച്ച് 27.09.2023-ൽ പാലക്കാട് ഇന്റലിജൻസ് ബ്യൂറോ 245/23 നമ്പർ ഇൻപുട്ട് നൽകിയിട്ടുള്ള അനധികൃത മദ്യക്കച്ചവടം നടത്തുന്ന ടിയാളുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ് നടപടി സ്വീകരിച്ചിട്ടില്ലായെന്നും അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ലായെന്നും, മദ്യക്കച്ചവടം നടത്തുന്ന ടിയാളുടെ വീട് പരിശോധിച്ചതായി പ്രത്യേകം ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുമുള്ള എക്സൈസ് ഇൻസ്പെക്ടർ ശ്രീ. വിപിൻദാസിനെതിരായ ആരോപണങ്ങൾ വാച്യാന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഫോർമൽ എൻക്വയറി റിപ്പോർട്ടും, മറ്റ് അനുബന്ധരേഖകളും

പരിശോധിച്ചതിൽ ചിറ്റൂർ റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.ബിജുമോൻ കെ.ആർ., പ്രിവൻ്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.പുഷ്കരൻ കെ. എന്നിവർ പ്രസ്തുത ആരോപണത്തിന് അടിസ്ഥാനമായ കാലഘട്ടത്തിൽ ചിറ്റൂർ റേഞ്ചിൽ ജോലി ചെയ്തിരുന്നില്ല എന്നതു പരിഗണിച്ച് പ്രിവന്റീവ് ഓഫീസർ ശ്രീ.ബിജുമോൻ കെ.ആർ., പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. പുഷ്കരൻ കെ. എന്നിവർക്കെതിരായ അച്ചടക്കനടപടികളിൽനിന്നും ടിയാന്മാരെ കുറ്റവിമുക്തരാക്കി ഉത്തരവാകുകയുണ്ടായി.

ഫോർമൽ എൻക്വയറി റിപ്പോർട്ടും, പ്രതിവാദപത്രികയും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പാലക്കാട് ഇൻ്റലിജൻസ് ബ്യൂറോ ഇൻപുട്ട് നൽകിയിട്ടുള്ള അനധികൃത മദ്യക്കച്ചവടം നടത്തുന്ന ടിയാളുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ലായെന്നും അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചില്ലായെന്നും, മദ്യക്കച്ചവടം നടത്തുന്ന ടിയാളുടെ വീട് പരിശോധിച്ചതായി പ്രത്യേകം ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുമുള്ള എക്സൈസ് ഇൻസ്പെക്ടറായിരുന്ന എ.വിപിൻദാസിനെതിരെയുള്ള ആരോപണങ്ങൾ ശരിയാണെന്ന് ബോധ്യമാകുകയുണ്ടായി. തുടർന്ന് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ്, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.രാജേഷ് ആർ., വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ഉമ രാജേശ്വരി എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കൽ, നിയന്ത്രണം & അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11(1)(iii) പ്രകാരം ടിയാളുകളുടെ അടുത്ത വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലതോടെയല്ലാതെ (without cumulative effect) ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവുകയുണ്ടായി.

എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ്, പാലക്കാട് ജില്ലയിൽ വണ്ടിത്താവളം ഭാഗത്ത് ദേവിയെന്ന സ്ത്രീ അനധികൃത മദ്യക്കച്ചവടം നടത്തുന്ന ടിയാളുടെ വിൽപ്പന നിയന്ത്രിക്കുന്നതിനോ കേസ് കണ്ടുപിടിക്കുന്നതിനോ, നടപടി സ്വീകരിച്ചിട്ടില്ലായെന്നും, അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ലായെന്നും, ടിയാനെതിരെയുള്ള ആരോപണങ്ങൾ വാച്യാന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടുള്ളതായും ബോധ്യമായ സാഹചര്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.വിപിൻദാസ് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന വിവരം അറിയിക്കുന്നു."

4) ഈ വിഷയം ശ്രീ.വിപിൻദാസ് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ, ഹിയറിംഗ് സമയത്ത് സമർപ്പിച്ച രേഖകൾ, എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. ഈ വിഷയം തീർപ്പാക്കുന്നതിന് മുന്നോടിയായി, ചുവടെ ചേർക്കുന്ന കാര്യങ്ങളിന്മേൽ എക്സൈസ്

കമ്മീഷണറുടെ അഭിപ്രായം തേടേണ്ടത് ആവശ്യമാണെന്ന് കാണുകയും അപ്രകാരം റിപ്പോർട്ട് തേടുകയുമുണ്ടായി .

(i) ഔദ്യോഗിക മെയിലിൽ അല്ലാതെയും, **input** നമ്പരില്ലാതെയും സമർപ്പിച്ചിട്ടുള്ള വിവരം **IB input** ആയി കണക്കാക്കാവുന്നതാണോ;

(ii) ആരോപണ കാലഘട്ടമെന്നത്, ശ്രീമതി ദേവി എന്നവർക്കെതിരേ കേസ് എടുത്ത **9/4/2024** ആയിരിക്കെ, **04/01/2024**-ന് ചിറ്റൂർ റേഞ്ച് ഓഫീസ് ചുമതലകളിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതിനാൽ, വിടുതൽ ചെയ്ത **96** ദിവസത്തിനുശേഷം രജിസ്റ്റർ ചെയ്ത കേസിന്റെ പേരിൽ ശ്രീ.വിപിൻദാസിനെതിരേ നടപടി ആരംഭിച്ചത് ഉചിതമാണോ;

(iii) **EB &IB** പരാതിയിൽ പറഞ്ഞ സ്ഥലവും, **24** ന്യൂസ് ചാനലിൽ വന്ന വീഡിയോയിലും വീട്ടിൽ മദ്യം വിൽക്കുന്നുവെന്നാണെന്നും, മഹസ്സർ പ്രകാരം ശ്രീമതി ദേവിയുടെതന്നെ പേരിലുള്ള ഹോളോബ്രിക്സ് യൂണിറ്റിൽ നിന്നാണ് മദ്യം പിടിച്ചതെന്നുമാണ്. ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുക;

(iv)ചാനൽ വീഡിയോയിൽ വീര്യം കൂടിയ മദ്യമാണെന്നും വ്യാജമദ്യമാണെന്നും പറയുന്നു, എന്നാൽ കണ്ടെത്തിയത് ഹോളോഗ്രാം സ്റ്റിക്കറുള്ള മദ്യമാണ്. അതിന്റെ നിജസ്ഥിതി വ്യക്തമാക്കുക; ടി കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുക.

5) മേൽ വിഷയത്തിൽ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടതിൽ പരാമർശം **(3)**-ലെ **05.01.2026**-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി:

(i) ഔദ്യോഗിക മെയിലിൽ അല്ലാതെയും **Input** നമ്പരില്ലാതെയും സമർപ്പിച്ചിട്ടുള്ള വിവരം **IB Input** ആയി പരിഗണിക്കുവാൻ കഴിയുന്നതല്ല.

(ii) ശ്രീമതി ദേവിക്കെതിരെ **09/04/2024** തീയതി കേസ് എടുത്തിട്ടുള്ളതും, ശ്രീ.വിപിൻദാസ് **04/01/2024**-ന് ചിറ്റൂർ റേഞ്ച് ഓഫീസിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്.

(iii) ടി കേസിന്റെ മഹസ്സർ, ഒക്കറൻസ് റിപ്പോർട്ട്, ചിറ്റൂർ എക്സൈസ് റേഞ്ച് ഇൻസ്പെക്ടറുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ, ശ്രീമതി ദേവി താമസിച്ചുവരുന്ന പട്ടഞ്ചേരി പഞ്ചായത്തിലെ **VI/492** നമ്പർ വീട്ടിൽനിന്നും വ്യാജമദ്യങ്ങൾ ഒന്നും കണ്ടെത്തിയിട്ടില്ലാത്തതും, വീടിന്റെ വടക്ക്-കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന **KSEB**-യുടെ **8015698** എന്ന കൺസ്യൂമർ നമ്പർ രേഖപ്പെടുത്തിയ ഹോളോബ്രിക്സ് നിർമാണ യൂണിറ്റിന്റെ മോട്ടോർ ഷെഡ്ഡിൽനിന്നും മദ്യം കണ്ടെത്തിയിട്ടുള്ളതുമാണ്.

(iv) ചാനൽ വീഡിയോയിൽ വീര്യം കൂടിയ മദ്യമാണെന്നും, വ്യാജമദ്യമാണെന്നും പറയുന്നു. ടിയാളിൽനിന്നും പിടിച്ചെടുത്തത് **KSBC**-യുടെ

ഹോളോഗ്രാം സ്റ്റിക്കർ പതിച്ചിട്ടുള്ള **'Jawan xxx Rum'** എന്ന മദ്യമാണ്. ടി കേസിന്റെ അന്തിമ റിപ്പോർട്ട് **03.01.2025** തീയ്യതി ബഹു: ചിറ്റൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും, എന്നാൽ കേസിന്റെ ഒറിജിനൽ സെർച്ച് മെമ്മോ ലഭിച്ചിട്ടില്ലായെന്ന കാരണത്താൽ ആയത് മടക്കിയിട്ടുള്ളതും, സെർച്ച് മെമ്മോയുടെ പകർപ്പ് സമർപ്പിച്ചിട്ടും അന്തിമ റിപ്പോർട്ട് ബഹു. കോടതി സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

6) എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട്, ഹിയറിംഗ് വേളയിൽ ശ്രീ.വിപിൻദാസ് സമർപ്പിച്ച വിവരങ്ങൾ/രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഔദ്യോഗിക മെയിലിൽ അല്ലാതെയും **input** നമ്പരില്ലാതെയും ലഭിക്കുന്ന വിവരങ്ങൾ **IB input** -ആയി പരിഗണിക്കാൻ കഴിയുന്നതല്ലായെന്നതിനാലും ഈ വിഷയത്തിൽ അന്വേഷണം നടത്തുകയും, മദ്യവില്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതുമായതിനാൽ വ്യക്തമായ തെളിവ് ലഭിക്കാതെ ഒരു സ്ത്രീയെ അറസ്റ്റു ചെയ്യുന്നത് മറ്റുതരത്തിലുള്ള ആരോപണങ്ങൾക്കും, എക്സൈസ് വകുപ്പിന് അവമതിപ്പുണ്ടാക്കുന്നതിനും കാരണമാകുന്നതാണെന്ന് കാണുന്നു. കൂടാതെ, വീട്ടിൽ മദ്യം വിൽക്കുന്നുവെന്ന പരാതിയാണ് ആദ്യം ലഭിച്ചിരുന്നത് എന്നാൽ ശ്രീമതി ദേവിയുടെ പേരിലുള്ള ഹോളോബ്രിക്സ് യൂണിറ്റിൽ നിന്നാണ് മദ്യം പിടിച്ചെടുത്തിട്ടുള്ളത്. ആയത് വ്യാജമദ്യവുമായിരുന്നില്ല, **KSBC**-ടെ ഹോളോഗ്രാം സ്റ്റിക്കറുള്ള മദ്യമായിരുന്നു. കൂടാതെ ഈ വിഷയത്തിൽ, എക്സൈസ് വകുപ്പ് സമർപ്പിച്ചിട്ടുള്ള അന്തിമ റിപ്പോർട്ട് കോടതി ഇതുവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. പരിഗണിക്കേണ്ടതല്ലാത്ത ഒരു **IB input**-ന്റെ അടിസ്ഥാനത്തിൽ ഒരു സ്ത്രീക്കെതിരേ അന്വേഷണം നടത്തി കേസ് കണ്ടുപിടിച്ചില്ലായെന്ന കാരണത്തിന്, ടി തസ്തികയിൽനിന്നും വിടുതൽ ചെയ്ത് **96** ദിവസത്തിനുശേഷം, മറ്റൊരു ഓഫീസർ ടി സ്ത്രീക്കെതിരെ മദ്യവിൽപ്പനയ്ക്ക് കേസെടുത്തുവെന്ന കാരണത്താൽ, അതും പരാമർശിത വ്യക്തിയുടെ താമസസ്ഥലമല്ലാതെ മറ്റൊരു ഷെഡ്ഡിൽനിന്നും, ശ്രീ വിപിൻദാസിനെതിരേ അച്ചടക്കനടപടി ആരംഭിക്കുകയും, ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ തടയുകയും ചെയ്തത് ഉചിതമായ നടപടിയായി സർക്കാർ കാണുന്നില്ല.

7) മേൽ സാഹചര്യത്തിൽ, ചിറ്റൂർ എക്സൈസ് റേഞ്ച് ഇൻസ്പെക്ടറായിരുന്ന ശ്രീ.വിപിൻദാസിന്റെ **KCS(CC&A)** ചട്ടങ്ങളിലെ ചട്ടം **11(1) (iii)** പ്രകാരം സഞ്ചിതഫലമില്ലാതെ ഒരു ഇൻക്രിമെന്റ് തടഞ്ഞ ശിക്ഷാനടപടി പുനഃപരിശോധിച്ച്, ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം പരാമർശം **(2)**-ലെ അപ്പീൽ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.വിപിൻ ദാസ്, എക്സൈസ് ഇൻസ്പെക്ടർ, (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/160/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 16-02-2026 14:21:31